(ബി) പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിലെ സീതത്തോട് ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മിസ്ട്രസായി 2004 ജൂണിൽ റിട്ടയർ ചെയ്ത ശ്രീമതി കെ. എ. മറിയാമ്മയുടെ ഡി. സി. ആർ. ജി. തുക ഇതുവരെ കിട്ടിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കൊടുക്കേണ്ട എല്ലാ രേഖയും ബന്ധപ്പെട്ടവർക്ക് നൽകിക്കഴിഞ്ഞിട്ടും ഇനിയും ഇത് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ഇ) എത്ര നാളുകൾക്കകം ഇത് സംബന്ധിച്ച് തീരുമാനം എടുക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരമാവധി ഒരു വർഷത്തിനുള്ളിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഡി. സി. ആർ. ജി. യുടെ കാര്യത്തിൽ എന്തെങ്കിലും ബാദ്ധ്യത നിലവിലുണ്ടോയെന്ന് പരിശോധിച്ചതിന് ശേഷം മാത്രമേ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രീമതി കെ. എ. മറിയാമ്മയുടെ ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും ഡി. ഡി. ഓഫീസിൽ ലഭിക്കാത്തത് കൊണ്ടാണ് ഡി. സി. ആർ. ജി. തുക നൽകാൻ വൈകുന്നത്.

(ഡി) ടി യാളുടെ ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിന്നും ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ബാദ്ധ്യത/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ തീരുമാനമെടുക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ വിദ്യാലയങ്ങളിൽ അധ്യാപകരുടെ തസ്തികകൾ പൂർണ്ണമായും നികത്താൻ നടപടി

113 [3639] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ എത്ര തസ്തികകൾ ഒഴിവുണ്ടെന്ന് സ്കൂളും വിഷയവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുൻപ് നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 21-3-2005 വരെയുള്ള വിഷയം തിരിച്ചുള്ള ഒഴിവുകൾ.

എച്ച്. എസ്. എ.	ഫിസിക്കൽ സയൻസ്	–	4
,,	നാച്ചുറൽ സയൻസ്	–	13
,,	ഇംഗ്ലീഷ്	–	62
,,	മലയാളം	–	23
,,	ഹിന്ദി	–	5
,,	സംസ്കൃതം	–	2
,,	ഉർദു	–	1
ജൂനിയർ അറബിക്		–	15
ജൂനിയർ ഹിന്ദി		–	13
പി. ഇ. ടി.		–	5
പി. ഡി. ടീച്ചർ (മലയാളം)		–	81
,,	(തമിഴ്)	–	6

(ബി) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള വിഷയങ്ങളിൽ അതാതു ലിസ്റ്റിൽ നിന്നും പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്ത വിഷയങ്ങളിൽ താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി

114 [3640] *ശ്രീ. കെ. പി. മോഹനൻ:*

,, *സി. കെ. നാണു:*

,, *എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ആകെ എത്ര പാചകത്തൊഴിലാളികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാചകത്തൊഴിലാളികൾക്ക് ഒരു ദിവസം നൽകുന്ന വേതനം എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോൾ പാചകത്തൊഴിലാളികൾക്ക് നൽകുന്ന വേതനം വളരെ കുറവാണെന്നും ആയത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കേന്ദ്ര വനിതാ കമ്മീഷനും മറ്റ് ഉത്തരവാദപ്പെട്ട സംഘടനകളും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly